പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *279 03/04/2013- ൽ മറുപടിക്ക്

ഗോവർദ്ധിനി പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.ഡി.സതീശൻ:<br>ശ്രീ. ജോസഫ് വാഴക്കൻ:<br>ശ്രീ. റ്റി. എൻ. പ്രതാപൻ :<br>ശ്രീ. ബെന്നി ബെഹനാൻ: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) ഗോവർദ്ധിനി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) ഒരു ലക്ഷം കന്നുകുട്ടികളെ 2 വർഷക്കാലം കൊണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി അവയ്ക്ക് 28 മാസം പ്രായമാകുന്നതുവരെ തീറ്റ, ആരോഗ്യപരിരക്ഷണം, ഇൻഷ്വറൻസ്, ശാസ്ത്രീയ രീതിയിലുള്ള പരിപാലനം എന്നിവയ്ക്ക് ധനസഹായം നൽകുക എന്നതാണ് ഗോവർദ്ധിനി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. പദ്ധതിയിലെ ഗുണഭോക്താക്കളെ 10 കർഷകർ അടങ്ങുന്ന ഗ്രൂപ്പുകളായി തിരിച്ച് മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി മുഖേന തീറ്റപ്പുൽ, അസോള കൃഷി എന്നിവ നടത്തുന്നതിന് ധനസഹായം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളും തദ്ദേശ ഭരണസ്ഥാപനങ്ങളും പ്രസ്തുത പദ്ധതിയിൽ പങ്കാളികളാകും. |
| (ബി) സംസ്ഥാനത്തെ കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) രണ്ടുവർഷ കാലയളവുകൊണ്ട് ഒരു ലക്ഷം കന്നുകുട്ടികളെ പദ്ധതിയിൽ ഉൾപ്പെടുത്തുകയും അവയ്ക്ക് ശാസ്ത്രീയാടിസ്ഥാനത്തിലുള്ള പരിചരണ മുറകളും തീറ്റ സബ്സിഡിയും മറ്റും നൽകുക വഴി മികച്ച പ്രത്യുൽപ്പാദന ക്ഷമതയുള്ള ആരോഗ്യമുള്ള കന്നുകാലി സമ്പത്തുണ്ടാക്കുവാൻ സാധിക്കും. തീറ്റച്ചെലവ് കുറയ്ക്കാനായി തീറ്റപ്പുൽ കൃഷിയും, അസോളകൃഷിയും പ്രോത്സാഹിപ്പിക്കുക,രോഗപ്രതിരോധ പ്രവർത്തനങ്ങൾ, കർഷക പരിശീലനങ്ങൾ, എന്നിവ വഴി ഒരു പഞ്ചായത്തിൽ 100 പശുക്കളെ പുതുതായി വളർത്തിക്കൊണ്ടുവന്ന് കന്നുകാലി സമ്പത്തും പാലുല്പാദനവും വർദ്ധിപ്പിക്കുവാനും ഉദ്ദേശിക്കുന്നുണ്ട്. |

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്; വിശദമാക്കുമോ?

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും, ഗുണഭോക്താക്കളുടെയും സഹകരണത്തോടെ സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ പദ്ധതി നടപ്പാക്കാം എന്നാണ് ഉദ്ദേശിക്കുന്നത്. ദേശീയ തൊഴിലുറപ്പു പദ്ധതിയുടെ സഹായവും ഇതിന് പ്രയോജനപ്പെടുത്തും

സെക്ഷൻ ഓഫീസർ